AKNM GOVERNMENT POLYTECHNIC COLLEGE, THIRURANGADI, MALAPPURAM Dist.
(Near I.O.C, **CHELARI**)

# അറിയിപ്പ്

വിഷയം:- രണ്ടാം ഘട്ട സ്പോട്ട് അഡ്മിഷൻ

സ്പോട്ട് അഡ്മിഷൻ തിയ്യതി :- 21-10-2021 വ്യാഴാഴ്ച

റജിസ്ട്രേഷൻ സമയം:- രാവിലെ 9 മണി മുതൽ 9.30 വരെ

എത്തിച്ചേരേണ്ട സ്ഥലം:- ചേളാരി.

ചേളാരിയിൽ പ്രവർത്തിക്കുന്ന എ.കെ.എൻ.എം. ഗവണ്മെന്റ് പോളിടെക്നിക് കോളേജിൽ ഇലക്ട്രോണിക്സ് എഞ്ചിനീയറിങ്ങ്, കമ്പ്യൂട്ടർ എഞ്ചിനീയറിങ്ങ്, ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിങ്ങ് എന്നീ ത്രിവത്സര ഡിപ്ളോമ കോഴ്സുകളിൽ ഒഴിവുള്ള ഏതാനും സീറ്റുകളിലേക്ക് (ഒഴിവുകളുടെ വിശദവിവരം www.polyadmission.org എന്ന വെബ്സൈറ്റിൽ VACANCY POSITION എന്ന ലിങ്കിൽ ലഭ്യമാണ്) രണ്ടാം ഘട്ട സ്പോട്ട് അഡ്മിഷൻ 21.10.2021 വ്യാഴാഴ്ച നടത്തുന്നു. താഴെ സൂചിപ്പിച്ച സ്ട്രീം 1 റാങ്കിൽ ഉൾപ്പെട്ട, അഡ്മിഷൻ എടുക്കുവാൻ താല്പര്യമുള്ള അപേക്ഷകർ 21-10-2021 വ്യാഴാഴ്ച രാവിലെ 9 മണിക്ക് മുൻപായി ചേളാരിയിൽ പ്രവർത്തിക്കുന്ന പോളിടെക്നിക് കോളേജ് ഓഫീസിൽ റജിസ്ട്രേഷന് എത്തിച്ചേരേണ്ടതാണ്. (Application, Final Rank Details എന്നിവയുടെ രേഖകൾ കരുതേണ്ടതാണ്)

| സ്ട്രീം 1 റാങ്ക് | എത്തിച്ചേരേണ്ട അപേക്ഷകർ |
|---|---|
| സ്ട്രീം 1 റാങ്ക് 1 മുതൽ 40000 വരെ | എല്ലാ വിഭാഗത്തിൽപ്പെട്ട അപേക്ഷകരും |
| സ്ട്രീം 1 റാങ്ക് 50000 വരെ | ടെക്നിക്കൽ ഹൈസ്കൂൾ (TH),<br>Economically Weaker Section (EWS),<br>Scheduled Caste (SC) എന്നീ വിഭാഗക്കാർ |

റജിസ്ട്രേഷൻ നടത്തിയ അപേക്ഷകരുടെ സ്ട്രീം 1 റാങ്ക് മുൻഗണനാക്രമം അനുസരിച്ചും റിസർവേഷൻ മാനദണ്ഡമനുസരിച്ചും ഒഴിവുള്ള സീറ്റുകളിലേക്ക് അഡ്മിഷൻ നടത്തുന്നതാണ്.

എസ്എസ്എൽസി, സംവരണങ്ങൾ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ, ആധാർ കാർഡ്, ഫീസാനുകൂല്യത്തിന് വരുമാന സർട്ടിഫിക്കറ്റ് എന്നിവ പ്രവേശന സമയത്ത് ഹാജരാക്കേണ്ടതാണ്. പ്രവേശനം ലഭിക്കുന്നവർ ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് (T.C.), സ്വഭാവ സർട്ടിഫിക്കറ്റ് (C.C) എന്നിവ ഹാജരാക്കേണ്ടതാണ്. പ്രവേശനം ലഭിക്കുന്ന ഒരു ലക്ഷം വരെ വാർഷികവരുമാനം ഉള്ളവർ കോഷൻ ഡെപ്പോസിറ്റായി 1000 രൂപയും, ഒരു ലക്ഷത്തിനു മുകളിൽ വരുമാനമുള്ളവർ കോഷൻ ഡെപ്പോസിറ്റ് ഉൾപ്പെടെ ഫീസായി 3780 രൂപയും എ.ടി.എം കാർഡ് മുഖേന ഓഫീസിൽ അടക്കേണ്ടതാണ്. കൂടാതെ പി.ടി.എ ഫണ്ടായി 1500 രൂപ പണമായി അടക്കേണ്ടതാണ്.

21-10-2021 ന്റെ അഡ്മിഷന് ശേഷം സീറ്റ് ഒഴിവുണ്ടെങ്കിൽ വിശദവിവരവും, വീണ്ടും അഡ്മിഷൻ നടത്തുന്ന തിയ്യതിയും, ഇതേ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

ഒന്നിൽ കൂടുതൽ സ്ഥാപനങ്ങളിൽ ഒരേ ദിവസം പങ്കെടുക്കുന്നവർ അഡ്മിഷൻ വെബ്സൈറ്റിലെ 'DOWNLOADS'ൽ ഉള്ള പ്രോക്സി ഫോം [Form of Authorisation Letter (Annexure - XIII)] പൂരിപ്പിച്ച് വേണം പങ്കെടുക്കേണ്ടത്.

അഡ്മിഷന് പങ്കെടുക്കുന്നവർ കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. ക്വാറന്റൈനിലുള്ളവർ നേരിട്ട് പങ്കെടുക്കരുത്.

ചേളാരി.
19/10/2021.

പ്രിൻസിപ്പാൾ

PRINCIPAL
AKNM Govt. Polytechnic College
Thirurangadi, Velimukku P.O
Malappuram - 676 317